# പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.221 — 06.02.2018 ന് മറുപടിയ്ക്ക്.

## വന്യമൃഗ ഇടനാഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.എം.രാജഗോപാലൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നതിന് ശാശ്വത പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നതിന് ശാശ്വത പരിഹാരം എന്ന നിലയ്ക്ക് സ്വീകരിച്ചുവരുന്ന ചുവടെ പറയുന്ന നടപടികൾ തുടർന്നും കാര്യക്ഷമതയോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>2) വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.<br>3) പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>4) സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br>5) പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>6) വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ |

ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7) വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8) വന്യജീവി ആക്രമണം മൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9) വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10) ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.

11) മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

12) കിഫ്ബി വഴി ലഭിക്കുന്ന ഫണ്ട് വിനിയോഗിച്ച് 220.5 കി.മീ. സോളാർ വൈദ്യുതിവേലി, 2.9 കി.മീ. ആന പ്രതിരോധ മതിൽ, 11.35 കി.മീ. റെയിൽ ഫെൻസിംഗ് എന്നിവ നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) വനമേഖലകൾ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് വന്യമൃഗ ഇടനാഴി നിർമ്മിക്കണമെന്ന് വൈൽഡ് ലൈഫ് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) നൽകിയിട്ടില്ല. എന്നാൽ 06.08.2007-ൽ നടന്ന സംസ്ഥാന വന്യജീവി ബോർഡ് യോഗത്തിൽ നിലവിലുണ്ടായിരുന്ന വന്യമൃഗ ഇടനാഴികളുടെ പരിപാലനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തിയിരുന്നു.

| | |
|---|---|
| (സി) പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് പഠിക്കുന്നതിന് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;<br>(ഡി) എങ്കിൽ പ്രസ്തുത വിദഗ്ധ സമിതി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (സി) നിലവിൽ ഇത്തരം തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ